LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൾക്ക് അനുവദിക്കുന്ന തുക ലഭ്യമാക്കുന്നതിലെ താമസം ഒഴിവാക്കാൻ നടപടി

* 27 [600] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുക സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ ഒരുമിച്ചുനൽകുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ധനകാര്യവും, എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകമുഴുവനും സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിൽ ഒരുമിച്ചു നൽകുന്ന സംവിധാനമല്ല നിലവിലുള്ളത്. വിവിധ വകുപ്പുകൾക്ക് അവയുടെ ബഡ്ജറ്റ് വിഹിതം സാമ്പത്തിക വർഷത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യാനുസരണം ചെലവഴിക്കുന്നതിനുള്ള അവസരം നിലവിലുള്ള സംവിധാനം അനുവദിക്കുന്നുണ്ട്. എന്നാൽ പല വകുപ്പുകൾക്കും വിവിധ കാരണങ്ങളാൽ ബഡ്ജറ്റ് വിഹിതത്തിന്റെ സിംഹഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമേ ചെലവഴിക്കാൻ സാധിക്കുന്നുള്ളൂ. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കേണ്ട പദ്ധതികളുടെ ഭരണാനുമതി സംബന്ധിച്ച നടപടികൾ ആഗസ്റ്റ് മാസത്തിനകം പൂർത്തിയാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ചെലവിനുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ പ്രതിമാസ പരിധി മുൻകൂറായി നിശ്ചയിച്ചുനൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വോട്ടോൺ അക്കൗണ്ട് ഒഴിവാക്കികൊണ്ട് സമ്പൂർണ്ണ ബഡ്ജറ്റ് മാർച്ച് മാസത്തിൽത്തന്നെ പാസ്സാക്കാനാകുമോ എന്ന കാര്യം സർക്കാർ ഇപ്പോൾ പരിശോധിച്ചുവരുന്നുണ്ട്.

നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുവാൻ പദ്ധതി

* 28 [601] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ തലത്തിൽ പഠിക്കുന്ന നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുവാൻ ഉതകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;